# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3083

18.10.2016-ൽ
മറുപടിയ്ക്ക്

## മാവൂർ ഗ്വാളിയർ റയൺസ് ഭൂമി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) മാവൂർ ഗ്വാളിയർ റയൺസ് ഭൂമി ഏറ്റെടുത്ത 21-03-2006-ലെ സ.ഉ.(സാധാ)നം.251/2016/ഐ.ഡി ഉത്തരവ് കഴിഞ്ഞ 04.03.2016-ന് റദ്ദ് ചെയ്തിട്ടുണ്ടോ?

എ) മാവൂർ ഗ്വാളിയർ റയൺസ് ഭൂമി ഏറ്റെടുത്ത 21-03-2006-ലെ ജി.ഒ. (ആർ.റ്റി) 316/2006/വ്യവ ഉത്തരവ്, 4/3/2016 ലെ ജി.ഒ. (ആർ.റ്റി) 251/2016/വ്യവ നമ്പർ ഉത്തരവു പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

ബി) ഈ റദ്ദാക്കലോടെ മേൽ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ ബിർല ഗ്രൂപ്പ് ഫയൽ ചെയ്ത കേസിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

സി) പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് ദിവസങ്ങൾക്കു മുമ്പ് ഇത്തരം ഒരു ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബി) & സി) 21-03-2006-ലെ ജി.ഒ.(ആർ.റ്റി) 316/2006/വ്യവ ഉത്തരവിനെതിരെ ഗ്രാസിം കമ്പനി 12853/2006 നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ ഭൂമി ഏറ്റെടുത്ത സർക്കാർ ഉത്തരവ് കോടതി സ്റ്റേ ചെയ്തു.മാവൂർ ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിനായി ബിർലാ ഗ്രൂപ്പുമായി നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന പദ്ധതികൾ മാവൂർ ഭൂമിയിൽ നടത്താൻ ഒരു എസ്.പി.വി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. ജനറൽ മാനുഫാക്ചറിംഗ് & സർവ്വീസ് പാർക്ക് (100 ഏക്കർ)

2. ഹൈടെക് മാനുഫാക്ച്ചറിംഗ് &
സർവ്വീസ് (50 ഏക്കർ)
3. നൈപുണ്യ വികസന പാർക്ക്
(75 ഏക്കർ)
4. സാമൂഹ്യ അടിസ്ഥാന വികസനവും
അനുബന്ധ പദ്ധതികളും (100 ഏക്കർ)

ഈ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് മാവൂർ ഭൂമി കൈമാറുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. പ്രസ്തുത യോഗ തീരുമാനം നടപ്പിലാക്കുന്ന മുറക്ക് ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ള കേസ് പിൻവലിക്കുന്ന കാര്യം പരിഗണിക്കുമെന്നും, ബിർല ഗ്രൂപ്പ് വ്യക്തമാക്കുകയുണ്ടായി. പ്രസ്തുത വിഷയങ്ങളിൽ അന്തിമ തീരുമാനമാകാത്ത സ്ഥിതിക്ക് കേസ് ഇപ്പോഴും നിലനില്ക്കുകയാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം നിയമ വകുപ്പ് പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**